(ഐ) പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ഓരോ കോട്ടേജിലെയും സന്ദർശക മുറി മറ്റൊരു കിടക്കമുറിയായി മാറ്റുന്നതിനുള്ള ജോലികൾ, കോർപ്പറേഷന് കൂടുതൽ വരുമാനമുണ്ടാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട്, കോർപ്പറേഷന്റേയും കെ.ടി.ഡി.സി.യുടേയും സംയുക്തയോഗത്തിലെടുത്ത തീരുമാനപ്രകാരം നടത്തുന്നുണ്ട്.

(ജെ) ഉദിക്കുന്നില്ല.

തമിഴ്നാട്ടിൽ നിന്നും വരുന്ന പച്ചക്കറിയുടെ കണക്ക്

134(160)ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തമിഴ്നാട്ടിൽനിന്നും ഇപ്പോൾ പ്രതിദിനം എത്ര ലോഡ് പച്ചക്കറികൾ വരുന്നു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) 1996-ൽ എത്ര ലോഡ് വന്നിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) തമിഴ്നാട്ടിലെയും കേരളത്തിലെയും പച്ചക്കറികളുടെ വിലനിലവാരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ സഹായത്തോടെ ഈ വിവരങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ കൃഷി വകുപ്പ് പരിപാടിയിട്ടിട്ടുണ്ട്. ഇതിലൂടെ മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാക്കുകയുള്ളൂ.

കൃഷി ഓഫീസർ തസ്തികയിലെ നിയമനം

135(1961)ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർ തസ്തികയിൽ പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിലേയ്ക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അതിൽനിന്നും എത്രപേരെ നിയമനത്തിനായി ശുപാർശ ചെയ്തു;

(ബി) ഒഴിവുള്ള തസ്തികകളിൽ നിലവിലുള്ള ലിസ്റ്റിൽനിന്നും നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) എംപ്ലോയ്മെന്റ് സെല്ലിൽ യഥാസമയം റിപ്പോർട്ട് ലഭിക്കാറുണ്ടോ; എങ്കിൽ ലഭിക്കുന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഒരാളെ നിയമനത്തിനായി ശുപാർശ ചെയ്യുകയും ടിയാളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എംപ്ലോയ്മെന്റ് സെല്ലിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഒഴിവുകളുടെ റിപ്പോർട്ട് ലഭിക്കാറില്ല.

കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി

136(1962)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്കിലെ ചെന്നിത്തല തൃപ്പരുന്തുറ പഞ്ചായത്തിലെ 4,5,6,7 പാടശേഖരങ്ങളിൽ വേനൽമഴയെത്തുടർന്ന് ഫെബ്രുവരി 12,13 തീയതികളിൽ മടവീഴ്ചയുണ്ടായി കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ചെന്നിത്തലയിലെ പാടശേഖരങ്ങളിൽ ഇപ്പോഴത്തെ നെൽകൃഷിക്ക് കുഴൽരോഗം മൂലമുണ്ടായിരിക്കുന്ന നാശനഷ്ടങ്ങൾക്ക് കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്ത മാക്കുമോ?

ഉത്തരം

(എ) മാവേലിക്കര താലൂക്കിലെ ചെന്നിത്തല പഞ്ചായത്തിലെ നാല് പാടശേഖരങ്ങളിൽ 12.2.2000, 13.2.2000 എന്നീ തീയതികളിൽ മടവീഴ്ചയുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതുമൂലമുണ്ടായ വിളനഷ്ടത്തിന്റെയും മറ്റും കണക്കുകൾ തിട്ടപ്പെടുത്തിവരികയാണ്.

(ബി) ചെന്നിത്തലയിലെ പാടശേഖരങ്ങളിൽ കുഴൽരോഗമല്ല, മറിച്ച് ഗാളീച്ച എന്ന കീടത്തിന്റെ ആക്രമണമാണ് ഉണ്ടായിട്ടുള്ളത്. ഇത് ഗുരുതരമായ കീടബാധയല്ലാത്തതിനാൽ നഷ്ടപരിഹാരത്തിനർഹമായ നാശനഷ്ടമൊന്നും ഇപ്പോൾ ഉണ്ടായിട്ടില്ല.

കൃഷി അസിസ്റ്റന്റുമാരുടെ ഒഴിവുകൾ

137(1964) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്; ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ട്;

(സി) ചേർപ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെയും അന്തിക്കാട് അസിസ്റ്റന്റ് ഡയറക്ടറുടെയും കീഴിലുള്ള കൃഷി ഭവനുകളിൽ കൃഷി അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ വീതം ഉണ്ട്;

(ഡി) കൃഷി അസിസ്റ്റന്റുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(എഫ്) കൃഷി അസിസ്റ്റന്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു കാരണം പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly